01
ഏപ്രിൽ
2018

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## സ്പീക്കർ സുശീലൻ കരടിയുടെ കണ്ണടക്ക് അമ്പതിനായിരം

**വെള്ളരിക്കാ പട്ടണം:** സ്പീക്കർ സുശീലൻ കരടിയുടെ കണ്ണടക്ക് അമ്പതിനായിരം രൂപയാണെന്ന് വിവരാവകാശ രേഖകൾ. എന്റെ കണ്ണ് അടിപൊളി കണ്ണാണെന്നും, അത്തരം കണ്ണുകൾക്ക് അമ്പതിനായിരത്തിന്റെ കണ്ണടകൾ ആവശ്യമാണെന്നും, ചെറിയ കാശിന്റെ കണ്ണട വാങ്ങിച്ചാൽ എന്നെ പരിശോധിക്കുന്ന കണ്ണുഡോക്ടർ പരമുക്കുരങ്ങിന് സങ്കടമാവുമെന്നും സ്പീക്കർ പറഞ്ഞു. ആരെയും സങ്കടപ്പെടുത്തുന്നത് ഇഷ്ടമില്ലാത്ത മഹാമനസ്സാണ് സ്പീക്കർക്കെങ്കിൽ കിട്ടുന്ന ശമ്പളത്തിൽ നിന്ന് കണ്ണട വാങ്ങിച്ചൂടേ, പാവപ്പെട്ട മൃഗങ്ങളുടെ നികുതിപ്പണത്തിൽ നിന്ന് തന്നെ കൈയിട്ട് വാരണോ എന്ന് പ്രതിപക്ഷ നേതാവ് തൊമ്മൻ കുറുക്കൻ പറഞ്ഞു. ആരോട് പറയും നമ്മളിതൊക്കെ... മുഖ്യനോട് പറയാൻ പറ്റുമോ.. അങ്ങേർ മാവിദുരന്തത്തിൽ പെട്ടവർക്ക് പിരിച്ച കാശ് കൊണ്ട്ഹെലികോപ്റ്റർ പറത്തി കളിക്കുകയല്ലേ എന്നും തൊമ്മൻ പരിഹസിച്ചു.



## ബസ് സമരം പിൻവലിച്ചു

**പ്ലിങ്ങ് അങ്ങാടി:** കാട്ടിലെ ജീവികളുടെ ജീവിതം ആകെ വലച്ച് അഞ്ചു ദിവസമായുള്ള ബസ് സമരം പിൻവലിച്ചു. പെട്രോൾ വില ദിവസം പ്രതി വർദ്ധിക്കുകയായതിനാൽ ദിവസവും വില വർദ്ധിപ്പിക്കാനുള്ള അവകാശം ബസ് ഉടമകൾക്ക് നൽകണം എന്നുപറഞ്ഞായിരുന്നു സമരം.

ബസ്സ് എപ്പോഴാണ് കേടുവരുന്നത് എന്നറിയില്ല, കേട് വന്നാൽ വർക്ഷോപ്പിൽ കൊണ്ട് പോകണം. നന്നാക്കണം, തുടങ്ങി എന്തോരം കാര്യങ്ങളുണ്ട്. ആകെ നഷ്ടമാണ്. അതുകൊണ്ട് ഞങ്ങൾക്കിഷ്ടമുള്ളപ്പോഴൊക്കെ വില വർദ്ധിപ്പിക്കാനുള്ള അവകാശം ഞങ്ങൾ ബസ്സുടമകൾക്ക് നൽകണം എന്നും പറഞ്ഞായിരുന്നു സമരം. സമരം വിജയിക്കാതെ ബസ്സ് കാട്ടിലിറങ്ങില്ല എന്നായിരുന്നു ബസ് മുതലാളീസ് യൂണിയൻ നേതാവ് ചെന്നായൻ വാസുവിന്റെ നിലപാട്. എന്നാൽ, മുഖ്യമന്ത്രി, ചെന്നായൻ വാസുവിനോട് കടക്കൂ പുറത്ത് എന്നും നഷ്ടത്തിലാണെങ്കിൽ ബസ് വിറ്റ് ഓട്ടോറിക്ഷ വാങ്ങിച്ചോ എന്നും പറയുകയായിരുന്നു.



പുറത്തു കടന്ന് ചെന്നായൻ വാസു പത്രക്കാരോട് മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് പുറത്തു കടന്നതാണെന്നും അങ്ങേര് പാവമാണെന്നും ഗവൺമെന്റിനെ വിഷമിപ്പിക്കാതിരിക്കാൻ സമരം പിൻവലിക്കുകയാണ് എന്നും പറഞ്ഞു.

ബസ് സമരം കാരണം സർക്കാറാണ് രക്ഷപ്പെട്ടത്. ബസ് നിരക്ക് വർദ്ധിപ്പിച്ചതിലുള്ള പ്രതിഷേധം എവിടെയും ഉയർന്നില്ല എന്നതിൽ മുഖ്യന് ആശ്വസിക്കാം. ഇത് സർക്കാരും ചെന്നായൻ വാസുവും തമ്മിലുള്ള ഒത്തുകളിയാണെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തി.

## ഇത്തവണ മഴ കുറയും

**മഴക്കാട്:** ഇത്തവണ കടുത്ത വേനലാണ് കാടിനെ കാത്തിരിക്കുന്നത് എന്ന് ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു. വരൾച്ച കാടിനെ പിടികൂടുമെന്നും സർക്കാർ ഉടനെ മുൻകരുതൽ എടുക്കണമെന്നും കാലാവസ്ഥാ കേന്ദ്രം പുറത്തിറക്കിയ കുറിപ്പിലുണ്ട്. ഇനി മഴക്കാലം വരുന്നതു വരെ ആന, പോത്ത് തുടങ്ങിയ മൃഗങ്ങൾക്ക് വെള്ളത്തിലിറങ്ങുന്നതിന് വിലക്ക് കൊണ്ടുവരാനുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. മഴക്കാലം വരുന്നത് വരെ കുളി നിരോധിക്കാനുള്ള സാധ്യതയും ഉണ്ട്. കുടിക്കാൻ മാത്രമേ പൊതുവെള്ളം ഉപയോഗിക്കാവൂ. എന്തായാലും കടുത്ത വേനലിനെ തടുക്കാൻ ആവുന്നതെന്തും ചെയ്യുമെന്ന് ഗവൺമെന്റ് വക്താവ് പറഞ്ഞു.

## വരയൻ കൊക്കിനെതിരെ പ്രതിഷേധം

**കാക്കാടം പൊയിൽ:** പ്രസിദ്ധ എഴുത്തുകാരൻ വരയൻ കൊക്കിന്റെ പുതിയ നോവൽ 'കാക്ക കുളിച്ചാൽ കൊക്കാകുമോ' വിവാദത്തിൽ. പുസ്തകത്തിന്റെ തലക്കെട്ട് തന്നെ കാക്കകളെ അവഹേളിക്കുന്നതാണെന്ന് ചിന്നൻ കാക്ക പറഞ്ഞു. കാക്കകൾ കുളിച്ച് വൃത്തിയിൽ നടക്കുന്നതും ഉന്നത വിദ്യാഭ്യാസം നേടി നല്ല ജോലികൾ കരസ്ഥമാക്കുന്നതുമൊന്നും



കണ്ണിൽപിടിക്കുന്നില്ലെങ്കിൽ വരയൻ കൊക്ക് വല്ല കണ്ണു ഡോക്ടറെയും കാണണം. കാക്ക എത്ര ശ്രമിച്ചാലും കൊക്കിനെ പോലെ ആകില്ല എന്ന ആഢ്യത്വം നോവലിൽ ഉടനീളം കാണാം. ആവിഷ്കാര സ്വാതന്ത്ര്യത്തിനു വേണ്ടി എല്ലാ കാട്ടുവാസികളും എന്റെ കൂടെ നിൽക്കണമെന്നും, ചിന്നൻ കാക്ക പറയുന്നതു പോലെ ഒന്നും ഞാൻ വിചാരിച്ചിട്ടില്ല എന്നും, സുഹൃത്തുക്കളായ കാക്കയുടെയും കൊക്കിന്റെയും വേദനാജനകമായ കഥ പറയുകയാണ് ഞാൻ ചെയ്തതെന്നും വരയൻ കൊക്ക് ജംഗിൾ ന്യൂസിനോട് പറഞ്ഞു. പക്ഷേ എന്റെ നോവൽ എനിക്കുതന്നെ വേദനാജനകമാവുന്നത് സഹിക്കാൻ പറ്റുന്നില്ല എന്നും വരയൻ കൊക്ക് കൂട്ടിച്ചേർത്തു.